കേരള പോലീസ് വകുപ്പിലെ Deputy Superintendent of Police (SR for SC/ST and ST only) (Category No.265/2025)തസ്തികയുടെ ശാരീരിക അളവെടുപ്പും കായിക ക്ഷമതാ പരീക്ഷയും 2026 മാർച്ച് മാസം 17, 18, 19 വരെയുള്ള തീയതികളിൽ എസ്.എ.പി. പരേഡ് ഗ്രൗണ്ട് പേരൂർക്കട തിരുവനന്തപുരം കേന്ദ്രത്തിൽ വച്ച് നടക്കുന്നു. ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള അഡ്മിഷൻ ടിക്കറ്റ്, പ്രസ്തുത തസ്തികയുടെ കായിക ക്ഷമതാ പരീക്ഷയുടെ അറിയിപ്പ് നൽകികൊണ്ടുള്ള പ്രൊഫൈൽ സന്ദേശത്തിൽ അനുബന്ധം ആയി ചേർത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ( From Civil Surgeon), തിരിച്ചറിയൽ രേഖ എന്നിവയുടെ അസ്സൽ സഹിതം രാവിലെ 5.30 മണിക്ക് മുമ്പായി തന്നെ പരീക്ഷ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം എത്തുന്ന ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കുള്ള പ്രമാണ പരിശോധന അന്നേ ദിവസം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം ഓഫീസിൽ വച്ച് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ, നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യതിനു ശേഷം ആയത് സഹിതം ഹാജരാകേണ്ടതാണ്.